**സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ നടപടിക്രമം**

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം :- ഡി.ഇ.എസ് - ജീവനകാര്യം - സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I/II തസ്തികകൾ മാറ്റിയും ജീവനക്കാരെ നിയമിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. സ.ഉ.(സാധാ) 475/2015/ആ.സാ.വ തീയതി 13/11/2015 നമ്പർ ഉത്തരവ്.
2. 29/03/2017 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.96/2016 നമ്പർ വിധിന്യായം.
3. സ.ഉ (സാധാ) 346/2017/ആ.സാ.വ തീയതി 03/06/2017 ലെ നമ്പർ കത്ത്.
4. 16/01/2018, 30/04/2018, 22/05/2018, 24/05/2018, 20/07/2018, 14/09/2018 തീയതികളിലെ ഈ ആഫീസിലെ ഇതേ നമ്പർ ഉത്തരവുകൾ.
5. സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് വയനാട് ഡെപ്യൂട്ടി ഡയറക്ടറുടെ 28/06/2019 ലെ ഇ1 174/2016/ഡിഇഎസ്ഡബ്ല്യു നമ്പർ കത്ത്.

**ഉത്തരവ് നമ്പർ.ഇ.എ (1)24408/2014/ഡിഇഎസ്, തീയതി : 03/07/2019**

ഈ വകുപ്പിലെ കോട്ടയം, വയനാട് ജില്ലകളിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I / ഗ്രേഡ്-II അനുപാതം ക്രമീകരിക്കുന്നതിനായുള്ള പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് വയനാട് ജില്ലാ ആഫീസിലെ ഒമ്പത് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തിക കോട്ടയം ജില്ലയിലേക്കും കോട്ടയം ജില്ലയിലെ ഒമ്പത് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തിക വയനാട് ജില്ലയിലേക്കും മാറ്റി നിയമിക്കുവാൻ പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

അതനുസരിച്ച് പരാമർശം (4) ലെ നടപടിക്രമങ്ങൾ പ്രകാരം നിലവിൽ ഏഴ് തസ്തികകൾ വീതം ടി ജില്ലകളിൽ മാറ്റി നിയമിച്ചിട്ടുണ്ട്. ഇപ്പോൾ വയനാട് ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ വന്നിരിക്കുന്ന ഒരു ഒഴിവ് കോട്ടയം ജില്ലയിലേക്ക് മാറ്റാവുന്നതാണെന്ന് വയനാട് ജില്ല ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത തസ്തിക കോട്ടയം ജില്ലയിലേക്ക് മാറ്റി ഉത്തരവാകുന്നു.

അതേ തുടർന്ന് കോട്ടയം ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I ശ്രീമതി.എം.റോസമ്മയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തിക വയനാട് ജില്ലയിലേക്കും മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പ്രസ്തുത തസ്തികമാറ്റങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടായ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് /ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തികകളിലെ സ്ഥലംമാറ്റങ്ങൾ ചുവടെ ചേർക്കും വിധം ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേരും നിലവിലെ ആഫീസും | സ്ഥലംമാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1 | ശ്രീമതി.എം.റോസമ്മ,<br>സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I,<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്,<br>ജില്ലാ ആഫീസ്, കോട്ടയം<br>(അപേക്ഷ പ്രകാരം) | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I,<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക്<br>വകുപ്പ്, ജില്ലാ ആഫീസ്, ആലപ്പുഴ<br>(ശ്രീമതി.ഷീല.ജെ വകുപ്പിൽ നിന്നും<br>വിരമിച്ച ഒഴിവ്) |
| 2 | ശ്രീ.ജിനീഷ്.വി.കെ,<br>സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I,<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്,<br>ജില്ലാ ആഫീസ്, കോഴിക്കോട്<br>(അപേക്ഷ പ്രകാരം) | സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I,<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക്<br>വകുപ്പ്, ജില്ലാ ആഫീസ്, വയനാട്<br>(തസ്തികമാറ്റി നിയമിക്കുന്നതിൻ പ്രകാരം<br>വന്ന ഒഴിവ്) |

പ്രസ്തുത ജീവനക്കാർ ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട നിയന്ത്രണാധികാരി യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

**ഒപ്പ്**
**വി.രാമചന്ദ്രൻ**
**ഡയറക്ടർ ജനറൽ**

ബന്ധപ്പെട്ട ജീവനക്കാർ
പകർപ്പ് :

1) ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ആഫീസ്, കോട്ടയം, ആലപ്പുഴ, കോഴിക്കോട്, വയനാട്
2) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) ഡയറക്ടർ ജനറൽ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി.എ
4) ഫയൽ / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**